ക്ഷേത്രധ്വംസനങ്ങൾ

*ചോ. (ഏ) ശ്രീ. കളത്തിൽ വേലായുധൻ നായർ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ചീഫ് മിനിസ്റ്റർ സദയം മറുപടി നല്കുമോ.—

ഈ രാജ്യത്തു കഴിഞ്ഞ ബഡ്ജറ്റ് സമ്മേളനത്തിനു ശേഷം എത്ര ക്ഷേത്രങ്ങൾ ധ്വംസിക്കപ്പെട്ടതായോ ആക്രമിക്കപ്പെട്ടതായോ റിപ്പോർട്ടുകൾ ലഭിച്ചിട്ടുണ്ട്;

(ബി) ക്ഷേത്രാക്രമണങ്ങളും ധ്വംസനങ്ങളും സംബന്ധിച്ചു എത്ര കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്;

(സി) അവയിൽ എത്ര കേസുകൾ തെളിവിൽ വന്നിട്ടുണ്ട്?

ചീഫ് മിനിസ്റ്റർ (ശ്രീ. സി. കേശവൻ):

(എ) നാല്.

(ബി) നാല്.

(സി) രണ്ട്.

കമ്മ്യൂണിസ്റ്റ് നിരോധനം

*ചോ. (ഐ) ശ്രീ. കുഞ്ഞൻ അയ്യപ്പൻ: താഴെ പറയുന്ന ചോദ്യത്തിനു ബഹുമാനപ്പെട്ട ചീഫ് മിനിസ്റ്റർ സദയം മറുപടി നല്കുമോ.—

കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ മേലുള്ള നിരോധനം നീക്കംചെയ്യുന്നതിനു ഗവണ്മെണ്ട് ഉദ്ദേശിക്കുന്നുണ്ടോ?

ചീഫ് മിനിസ്റ്റർ (ശ്രീ. സി. കേശവൻ): ഇപ്പോൾ ഉദ്ദേശിക്കുന്നില്ല.

വീട് തല്ലിപ്പൊളിച്ചു പരാതി

*ചോ. ൪൦. (ഐ ൪) ശ്രീ. കെ. കെ. കണ്ണൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ചീഫ് മിനിസ്റ്റർ സദയം മറുപടി പറയുമോ.—

(എ) എടേക്കുന്നത്തു പറപ്പിള്ളി പൈലി എന്ന ഒരു സാധു തൊഴിലാളി ഒരു വീട് പണിയിച്ചു പൂർത്തിയാക്കുന്നതിനു മുമ്പ് ധനാഢ്യനായ പാതിരിപ്പിള്ളി വറീത് എന്ന ആളും ചില സിൽബന്ധികളും കൂടി കുറെ ദിവസങ്ങൾക്കുമുമ്പ് നിർദ്ദോഷം തല്ലിപ്പൊളിച്ചു കളഞ്ഞതായിട്ട് ടി പൈലി ഒരാക്ഷേപം പോലീസിൽ കൊടുക്കുകയുണ്ടായിട്ടുണ്ടോ;

(ബി) എറണാകുളം കസ്ബാ ഇൻസ്പെക്ടരും പാർട്ടിയും സംഭവസ്ഥലത്തുചെന്നു തെളിവെടുക്കുകയുണ്ടായിട്ടുണ്ടോ;

(സി) പ്രസ്തുത കേസ് ചാർജ് ചെയ്തിട്ടുണ്ടോ?

ചീഫ് മിനിസ്റ്റർ (ശ്രീ. സി. കേശവൻ):

(എ) ഉണ്ട്.

(ബി) ഉണ്ട്.

(സി) ആക്ഷേപത്തെപ്പറ്റി അന്വേഷിച്ചതിൽ പോലീസ് നടപടി എടുക്കാവുന്ന കുറ്റം എതുകക്ഷി ചെയ്തിട്ടുള്ളതായി തെളിയാത്തതിനാൽ പോലീസ് നടപടി എടുത്തിട്ടില്ല. അതിൽ അവരുടെ ആക്ഷേപം കോടതിയിൽ ബോധിപ്പിക്കാൻ കക്ഷികളെ ഉപദേശിച്ചു വിട്ടു.

FOODGRAINS.

*1251. [76] **Sri. P. S. Nataraja Pillai:** Will the Hon'ble Chief Minister be pleased to state.—

(a) the stock of foodgrains held in Government Depot in the Cochin area and Travancore area of the State at the beginning of each week in January 1951;

LIBRARY ARCHIVES Kerala Legislative Assembly